## II പ്രമേയം

### സഭാ സമ്മേളനം ക്രമീകരിക്കുന്നത് സംബന്ധിച്ച്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, "കഴിഞ്ഞ ദിവസങ്ങളിൽ സംസ്ഥാനത്തുണ്ടായ അപ്രതീക്ഷിത പേമാരിയും ഉരുൾപൊട്ടലും നിമിത്തം ഉളവായിട്ടുള്ള ഗുരുതരമായ സ്ഥിതിവിശേഷവും അടുത്ത മൂന്ന്-നാല് ദിവസം കനത്ത മഴയുണ്ടാകുമെന്ന കാലാവസ്ഥാ പ്രവചനവും കണക്കിലെടുത്ത് കുറ്റമറ്റരീതിയിൽ ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ബഹുമാനപ്പെട്ട മന്ത്രിമാരുടെയും നിയമസഭാ സാമാജികരുടെയും സാന്നിദ്ധ്യം പ്രാദേശികമായി അനിവാര്യമാണെന്ന് കാണുന്നതിനാൽ 2021 ഒക്ടോബർ 5-ാം തീയതി സഭ അംഗീകരിച്ച കാര്യോപദേശക സമിതി റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ഭാഗികമായ ഭേദഗതികൾ വരുത്തി ഇന്നേ ദിവസത്തെ തുടർന്നുള്ള സഭാനടപടികൾ നിർത്തിവയ്ക്കാനും 2021 ഒക്ടോബർ 21, 22 തീയതികളിലെ സഭാസമ്മേളനം ഒഴിവാക്കാനും ഈ സഭ തീരുമാനിക്കുന്നു" എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ഓർഡർ......ഓർഡർ..... സഭ ഇപ്പോൾ പിരിയുന്നതും 25-10-2021 തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2021 ഒക്ടോബർ മാസം 25-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിനായി സഭ രാവിലെ 9.15-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly